## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**4457** **21-03-2018** ൽ മറുപടിയ്ക്ക്

## ഇരവിപുരത്ത് പുതിയ അഗ്നിശമന സേനാ കേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.നൗഷാദ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) കൊല്ലം ജില്ലയിലെ ഇരവിപുരം കേന്ദ്രീകരിച്ച് ഒരു പുതിയ അഗ്നിശമന സേനാ കേന്ദ്രം തുടങ്ങണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;<br>ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | **(എ)&(ബി)**<br>പരിഗണനയിലില്ല. |
| സി) സംസ്ഥാനത്ത് പുതിയതായി അഗ്നിശമന സേനാ നിലയങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എവിടെയൊക്കെയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | സി) പുതിയതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന ഫയർസ്റ്റേഷനുകളെ സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തുന്നതിനും, ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി സമർപ്പിക്കുന്നതിനും ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| ഡി) നമ്മുടെ അഗ്നിശമന സേനയെ കാലോചിതമായി നവീകരിച്ച് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ? | ഡി) i) കേരള സംസ്ഥാനത്ത് സിവിൽ ഡിഫൻസ് ഫോഴ്സ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>ii) അഗ്നിശമന സേനയെ കാലോചിതമായി നവീകരിച്ച് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18 വാർഷിക പദ്ധതിയിനത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.<br>iii) അത്യാധുനിക അഗ്നിരക്ഷാ ഉപകരണങ്ങളായ ടേൺ ടേബിൾ ലാഡർ/ഏരിയൽ ലാഡർ പ്ലാറ്റ് ഫോം |

എന്നിവ ഉൾപ്പെടെ വാങ്ങുന്നതിനായി 2018-19 ൽ 65 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

iv)അഗ്നിശമന സേനാംഗങ്ങൾക്ക് യൂണിഫോം ആർട്ടിക്കിൾസ് വാങ്ങുന്നതിനായി 9,77,20,000/-രൂപ നോൺ-പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ആയത് വാങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

v) കൂടാതെ ഐ-ആപ്പ്, വീഡിയോ കോൺഫറൻസ്, ഇ-ഗവേണൻസ് എന്നിവ വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

vi) Ease of Doing Business നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ ഫയർ എൻ.ഒ.സി. നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന് KSIDC യുമായി ചേർന്ന് ഓൺലൈൻ വെബ് പോർട്ടൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരികയാണ്.

vii) 1962 ലെ ഫയർ ഫോഴ്സ് ആക്ട് കാലോചിതമായി പരിഷ്കരിച്ച് ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

viii) കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർ പദ്ധതി, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കെ.എസ്.ഡി.എ.യും ഫയർ & റെസ്ക്യൂ വകുപ്പും സംയോജിച്ച് കോട്ടയം ജില്ലയിൽ 200 വോളന്റിയർമാരെ ഉൾപ്പെടുത്തി 'ആപതാമിത്ര' പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ